# പള്ളികഥകൾ

## മിനികഥകൾ എൻ്റത്തിയേഴ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ, അമേരിക്കയിലെ ഒരു വലിയ പള്ളിയിലെ ഒരു നിർദ്ധന കുടുംബത്തിന്റെ ദാരിദ്ര്യത്തിൽ കഴിയുന്ന കഥയാണ് ഇപ്പോൾ പറയുന്നത്.

## പാവങ്ങൾ

അമേരിക്കയിലെ ഒരിടവകയിലെ ഒരു അറുപത് വയസുള്ള ജേക്കബിന്റെ കഥയാണിത്. ആ ഇടവക തുടങ്ങിയ കാലം മുതൽ, ഏകദേശം മുപ്പതു വർഷമായി, ആ ഇടവകയിലെ ഒരംഗമാണ്. ജേക്കബും ഭാര്യയും ഒരു മകളും അടങ്ങുന്നതാണ് ആ കുടുംബം. എല്ലാ ഞായറാഴ്ചയും മുടങ്ങാതെ അവർ പള്ളിയിൽ വരും. കരഞ്ഞ് പ്രാർത്ഥിക്കും. എല്ലാവർക്കും വളരെ നല്ലവരാണ് അവർ. ആരോടും മുഷിഞ്ഞ് ഒന്നും പറയത്തില്ല.

ആ പള്ളിയിൽ എല്ലാ ഞായറാഴ്ചയും ആരാധന കഴിഞ്ഞ് ഭക്ഷണം കാണും. അത് ഏതെങ്കിലും ഒരു കുടുംബത്തിന്റെ വകയായിട്ടായിരിക്കും. അത് എന്തെങ്കിലും കാരണത്തിന്റെ പേരിലാകും. ധൂപപ്രാർത്ഥന, അടയന്തിരം, ബർത്ത്ഡേ, വിവാഹ വാർഷികം അങ്ങിനെ എന്തെങ്കിലും ആയിരിക്കും. എന്തായാലും ജേക്കബിന്റെ ഭവനത്തിൽ നിന്ന് ഇതുവരെ ഭക്ഷണം ഒന്നും കൊണ്ടുവന്നിട്ടില്ല; എന്നാൽ അവർ എല്ലാ ഞായറാഴ്ചയും ഭക്ഷണം കഴിച്ചേ പോകത്തുള്ളു.

മാസവരി തുടങ്ങി ആ പള്ളിക്ക് പലയിനത്തിലുള്ള പിരിവുകൾ ഉണ്ട്; പക്ഷേ ആ കുടുംബം ഇതുവരെ യാതൊന്നും പള്ളിക്ക് കൊടുത്തിട്ടില്ല. എന്നാൽ അവർ ആ പള്ളിയിലെ അംഗങ്ങളാണ്. പൊതുയോഗങ്ങൾ വന്നാൽ അവരാരും അതിൽ പങ്കു ചേരാറില്ല. അവർക്ക് ഇതിനെല്ലാം പറയാൻ ഉപാധിയും ഉണ്ട്; ഞങ്ങൾ പാവങ്ങളാണ്. അത് സത്യവുമാണ്. അവർ രണ്ടു പേരും ഒരു കമ്പനിയിൽ ഏറ്റവും തുഛമായ തുകയ്ക്ക് ജോലി ചെയ്യുന്നവരാണ്. അവർക്ക് കിട്ടുന്ന വരുമാനം കൊണ്ട് എപ്പാർട്ടുമെന്റ് വാടകയും കൊടുത്തിട്ട് ബാക്കി കൊണ്ട് കഷ്ടിച്ച് കഴിയുന്നവരാണ്. കേരളത്തിൽ നിന്ന് വന്നിട്ട് ഇത്രയും വർഷങ്ങളായിട്ടും അവർ ഇതുവെരെ ഒരു പ്രാവശ്യം പോലും കേരളത്തിൽ പോയിട്ടില്ല. ഓരോരുത്തരും കേരളത്തിൽ പോകുന്നൂ എന്നു കേൾക്കുമ്പോൾ അവർക്ക് കൊതിയാകും.

അവരുടെ കാര്യം ആ ഇടവകയിൽ എല്ലാവർക്കും അറിയാം. അതുകൊണ്ട് ആരും അവരോട് അലോഗ്യം കൂടാൻ പോകത്തില്ല. ക്രിസ്തുമസ് കാലത്ത് എല്ലാ വീടുകളിലേക്കും പാട്ടും പാടി ആ പള്ളിക്കാർ പോകും. അത് പുരുഷന്മാർ മാത്രമല്ല സ്ത്രീകളും കുട്ടികളും എല്ലാമായിട്ടാണ് പോകാറ്. വലിയ ഒരു ബസ് വെള്ളിയാഴ്ച വൈകുന്നേരം വാടകയ്ക്കെടുത്താൽ തിങ്കളാഴ്ച കാലത്തായിരിക്കും മടക്കി കൊടുക്കുന്നത്. പള്ളിയിലെ ആരെങ്കിലും അത് ഓടിക്കും. ഏകദേശം നാല് ആഴ്ച കൊണ്ടാണ് ആ കരോൾ തീരുന്നത്. ആ ഇടവകയിലെ മാത്രം വീടുകളിലല്ല അവരുടെ സുഹൃത്തുക്കളുടെ വീടുകളിലും പാട്ടും പാടി അവർ പോകാറുണ്ട്. എല്ലാ വീടുകളിൽ നിന്നും എന്തെങ്കിലും ഭക്ഷണം ആ ഗായക സംഘത്തിന് കിട്ടും. ഏകദേശം രാത്രി പതിനൊന്നു മണിവെരെ അവർ പാട്ടും പാടി പോകും. ശനിയാഴ്ച കാലത്ത് പത്തു മണിക്ക് തുടങ്ങുമെങ്കിലും മറ്റുള്ള ദിവസങ്ങളിൽ വൈകുന്നേരമായിരിക്കും തുടങ്ങുക. ജേക്കബും കുടുംബവും ഗായക സംഘത്തോടൊപ്പമുണ്ടായിരിക്കും. മറ്റെല്ലാ വീടുകളിലും പോകുന്നതു പോലെ ആ ഗായക സംഘം ജേക്കബിന്റെ എപ്പാർട്ടുമെന്റിലും പോയി പാടും. അവിടെ നിന്ന് പണമോ ഭക്ഷണമോ ആ ഗായകസംഘത്തിന് കിട്ടാറില്ല. ''യേശു നമുക്കായി ഭൂമിയിൽ ജാതനായിയെന്ന സദ്വർത്തമാനം അറിയിക്കാനാണ് ഗായക സംഘം വരുന്നത്'' ജേക്കബിന് പറയാനുള്ള ന്യായീകരണമാണ്. ''രണ്ടായിരം വർഷം മുമ്പ് യേശു ജനിച്ചപ്പോൾ പാവങ്ങളായ ആട്ടിടയർ വന്ന് യേശുകുഞ്ഞിനെ നമിച്ച് പോയപ്പോൾ അവർ എന്തെങ്കിലും അവിടെ കാഴ്ച വെച്ചോ?''

ഞായറാഴ്ചകളിലെ ആരാധനകൾക്കു മാത്രമല്ല അല്ലാതുള്ള എല്ലാ ദിവസങ്ങളിലേയും എല്ലാ സമയത്തേയും ആരാധനകൾക്ക് അവർ പള്ളിയിൽ കാണും. പള്ളി തുറക്കുമ്പോൾ അവർ പള്ളിയിൽ കാണും. കൂടാതെ ആരാധനകളിൽ അവർ ആത്മാർത്ഥമായി സഹകരിക്കും. ഭക്ഷണങ്ങൾ ഉള്ളപ്പോളെല്ലാം ആ പാത്രങ്ങൾ എല്ലാം കഴുകി വെടിപ്പാക്കാനും, ഭക്ഷണം കഴിക്കുന്ന പള്ളിയുടെ ഹാൾ എല്ലാം തൂത്തു വെടിപ്പാക്കാനും അവർ മുൻപിൽ കാണും. ഇട ദിവസങ്ങളിൽ ആ പള്ളിയുടെ മൂത്രപുരകളെല്ലാം വൃത്തിയാക്കാനും അവർ കാണും. അതുകൊണ്ട് ആ പള്ളിക്ക് വെളിയിൽ നിന്ന് ആരെയെങ്കിലും വിളിച്ച് അതിനു വേണ്ടി പണം ചിലവാക്കേണ്ടി വന്നിട്ടില്ല.

അവർ വന്ന കാലത്ത് വാങ്ങിച്ച ഒരു സെക്കന്റ് ഹാൻഡ് വണ്ടിയാണ് അവർ ഉപയോഗിക്കുന്നതെങ്കിലും എപ്പോഴും അത് തൂത്തു തുടച്ച് വൃത്തിയാക്കി പുത്തൻ കാറു പോലെ ഉപയോഗിക്കുന്നുണ്ട്.

ജേക്കബിന്റെ പെങ്ങൾ വേണ്ട കടലാസു പണികൾ എല്ലാം ചെയ്താണ് അവർ അമേരിക്കയിൽ എത്തിയത്. അവരെല്ലാം വേറെ സഭയിലെ ആൾക്കാരാണ്. ഇവരും അവരുടെ പള്ളിയിൽ കൂടി നടക്കുമെന്ന് അന്ന് അവർ പ്രതീക്ഷിച്ചതാണ്. എന്നാൽ ജേക്കബ് അന്നേ അവരോട് പറഞ്ഞ് മാറി ഓർത്തഡോക്സ് പള്ളിയിലെ മെമ്പർഷിപ്പ് എടുത്ത് ഈ പള്ളിയിൽ കൂടിയതാണ്. വന്ന കാലത്തേ ജേക്കബ് വികാരിയച്ചനോട് പറഞ്ഞതാണ് ''ഞങ്ങൾ പാവങ്ങളാണ്. സാമ്പത്തികമായി എന്തെങ്കിലും ഞങ്ങളെക്കൊണ്ട് പള്ളിക്ക് ചെയ്യാൻ പറ്റത്തില്ലായിരിക്കും'' അച്ചൻ അതിന് മറുപടിയായി ഒന്നും പറഞ്ഞില്ല. കാരണം ചെറുപ്പത്തിൽ വളരെ ദാരിദ്ര്യത്തിൽ വളർന്ന് വന്ന ആളാണ് അദ്ദേഹം.

ജേക്കബിന്റെ മകൾ വത്സ ഇപ്പോൾ ഇരുപത്തഞ്ച് വയസായ സുന്ദരിയാണ്. ഈ കഷ്ടപ്പാടിനിടയിൽ അവൾ പഠിച്ച് ഒരു രെജിസ്റ്റേഡ് നേഴ്സായി. അമേരിക്കയിൽ ജനിച്ചു വളർന്നതാണെങ്കിലും മലയാളം നല്ലതുപോലെ സംസാരിക്കും. മറ്റുള്ള മലയാളി കുട്ടികളെ അപേക്ഷിച്ച് അവൾക്ക് യാതൊരു പൊങ്ങച്ചവും ഇല്ല. ആ കുടുംബത്തിന്റെ സകല പ്രതീക്ഷയും അവളിലായിരുന്നു. അമേരിക്കയിൽ തന്നെ പഠിച്ച് പാസായ അവൾക്ക് അവർ താമസിക്കുന്നതിന്റെ തൊട്ടടുത്തുള്ള വലിയ ആശുപത്രിയിൽ തന്നെ നേഴ്സായി ജോലി കിട്ടി. ആ കുടുംബം വളരെ സന്തോഷിച്ചു.

എന്നാൽ ഒരാഴ്ച കഴിഞ്ഞപ്പോൾ അവൾ ഒരെഴുത്ത് എഴുതി വെച്ച് അവരുടെ അടുക്കൽ നിന്ന് മാറി താമസിച്ചു. അവളുടെ കൂടെ ആ ആശുപത്രിയിൽ തന്നെ ജോലി ചെയ്യുന്ന ഒരു സായിപ്പിനെ രജിസ്റ്റേഡ് വിവാഹം കഴിച്ചാണ് മാറി താമസിക്കുന്നത്. ജേക്കബിനും ഭാര്യയ്ക്കും താങ്ങാവുന്നതിലധികമായിരുന്നു അത്. അവരുടെ കണ്ണുനീർ കണ്ട് അവസാനം അച്ചൻ അവരെ പോയി കണ്ട് കാര്യങ്ങൾ സംസാരിച്ച് ആ പള്ളിയിൽ വെച്ചു തന്നെ യാതൊരു ആഘോഷവുമില്ലാതെ അവരുടെ വിവാഹം നടത്തി. ആ സായിപ്പിനെ സഭയിലെ മെമ്പർഷിപ്പും കൊടുത്തു. പള്ളിയിലെ പലർക്കും ഇക്കാര്യത്തിൽ എതിർപ്പുണ്ടായി. പക്ഷേ, എന്തു ചെയ്യാം!

അച്ചൻ മെത്രാച്ചന്റെ അനുവാദം വാങ്ങിയിട്ടാണ് വിവാഹം നടത്തിയത്.